# M-1011

## രണ്ടാം ടേം മൂല്യനിർണ്ണയം 2011 ഡിസംബർ

## വിഷയം:സോഷ്യൽ സയൻസ്

## ക്ലാസ് :10

സമയം : 2½ മണിക്കൂർ

സ്കോർ : 80

പൊതുനിർദ്ദേശങ്ങൾ : 15 മിനുറ്റ് കൂൾഓഫ് സമയം ഉണ്ടായിരിക്കുന്നതാണ്.
എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം
ഉത്തരമെഴുതുമ്പോൾ സമയവും സ്കോറും പരിഗണിക്കണം

1 ഫ്രാൻസിൽ നിലനിന്നിരുന്ന സാമൂഹ്യഉച്ചനീചത്വങ്ങൾക്കെതിരായ സമരമായിരുന്നു ഫ്രഞ്ച് വിപ്ലവം. ഈ പ്രസ്താവന വിലയിരുത്തുക?

2 സ്കോർ

2 ഫാഷിഷസവും നാസിസവും മുന്നോട്ടുവച്ച ആശയങ്ങളിൽ സമാനതകൾ ഉണ്ടായിരുന്നു. വ്യക്തമാക്കുക.

3 സ്കോർ

3 രണ്ടാം ലോക യുദ്ധാനന്തരം രൂപീകരിക്കപ്പെട്ട സൈനിക സഖ്യങ്ങൾ, അവ രൂപീകരിച്ച വർഷം അവയുടെ ആസ്ഥാനങ്ങൾ എന്നിവ A, B, C കോളങ്ങളിൽ നൽകിയിരിക്കുന്നു. A കോളത്തോട് ചേരുന്നവ B, C കോളങ്ങളിൽ നിന്ന് തെരഞ്ഞെടുത്തെഴുതുക.

| സൈനിക സഖ്യങ്ങൾ | രൂപീകരിച്ച് വർഷം | ആസ്ഥാനം |
|---|---|---|
| നാറ്റോ | 1955 | മോസ്കോ |
| സിയാറ്റോ | 1959 | അങ്കാറ |
| സെന്റോ | 1954 | ബ്രസ്സൽസ് |
| വാഴ്സാ | 1949 | ബാങ്കോക്ക് |

4 സ്കോർ

4 മൊറോക്കൻ പ്രതിസന്ധിക്കു കാരണമെന്തായിരുന്നു? ഈ പ്രതിസന്ധി പരിഹരിച്ചതെങ്ങനെ?

4 സ്കോർ

5 ദേശീയോദ്ഗ്രഥനം എന്നതുകൊണ്ട് അർഥമാക്കുന്നതെന്ത്? ദേശീയോദ്ഗ്രഥനത്തിന് തടസ്സമായി നിൽക്കുന്ന മൂന്ന് ഘടകങ്ങൾ എഴുതുക? അവ എങ്ങനെ തടസ്സമാകുന്നു എന്ന് സമർഥിക്കുക?

5 സ്കോർ

6 ജർമ്മനിയോട് പ്രീണന നയം സ്വീകരിക്കാൻ ബ്രിട്ടനേയും ഫ്രാൻസിനേയും പ്രേരിപ്പിച്ച ഘടകങ്ങളെന്തെല്ലാം?

5 സ്കോർ

7 ജനാധിപത്യത്തിന്റെ വകഭേദങ്ങളായ പ്രത്യക്ഷ ജനാധിപത്യവും പരോക്ഷ ജനാധിപത്യവും താരതമ്യം ചെയ്ത് രണ്ട് വ്യത്യാസങ്ങൾ എഴുതുക?

2 സ്കോർ

8. ചേരികൾ ഇല്ലാതായെങ്കിലും ചേരിചേരാ പ്രസ്ഥാനത്തിന് ഇന്നും പ്രസക്തിയുണ്ട്

1) ചേരിചേരാ പ്രസ്ഥാനത്തിന്റെ ഉത്ഭവത്തിനിടയാക്കിയ സാഹചര്യങ്ങളെന്തെല്ലാം?

2) അതിന് നേതൃത്വം നൽകിയവർ ആരെല്ലാം?

3) ചേരിചേരായ്മ എന്താണു ആവശ്യപ്പെടുന്നത്?

5 സ്കോർ

9 ഒന്നാംലോക യുദ്ധത്തിൽ പങ്കെടുത്ത ചില രാഷ്ട്രങ്ങളുടെ പേരുകൾ ചുവടെ കൊടുത്തിരിക്കുന്നു. ഇവയെ സഖ്യശക്തികൾ, കേന്ദ്രശക്തികൾ എന്നിങ്ങനെ പട്ടികപ്പെടുത്തുക

റഷ്യ, തുർക്കി, ഫ്രാൻസ്, ബൾഗേറിയ, ജർമ്മനി, സെർബിയ, ബ്രിട്ടൺ, ആസ്ത്രിയ

4 സ്കോർ

10 ആധുനിക ശാസ്ത്രയുഗത്തിന് നേതൃത്വം നൽകിയ ശാസ്ത്രകാരന്മാരെ എ കോളത്തിൽ നൽകിയിരിക്കുന്നു. അനുയോജ്യമായവ ബി.സി.സി കോളങ്ങളിൽ നിന്ന് തിരഞ്ഞെടുത്തെഴുതുക.

| എ | ബി | സി |
|---|---|---|
| മാക്സ് പ്ലാങ്ക് | പരിണാമസിദ്ധാന്തം | അണുബോംബ് |
| ചാൾസ് ഡാർവിൻ | അണുവിഭജനം | ആസ്ട്രിയൻപുരോഹിതൻ |
| ഏണസ്റ്റ് റതർഫോർഡ് | ജനിതകശാസ്ത്രം | ഭൗതികശാസ്ത്രം |
| റവ.ഗ്രിഗോർ മെൻഡൽ | ക്വാണ്ടം ബലതന്ത്രം | ഇംഗ്ലീഷ്പ്രകൃതി ശാസ്ത്രജ്ഞൻ |

4 സ്കോർ

11 'ദേശത്തെ സമുദായമായി കണക്കാക്കാം' ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുണ്ടോ? എന്തുകൊണ്ട്?

1 സ്കോർ

12 A കോളത്തിനനുയോജ്യമായി B, C കോളങ്ങളിലെ വിവരങ്ങളെ ക്രമപ്പെടുത്തുക.


| A | B | C |
|---|---|---|
| സ്ഥിരവാതം | ചക്രവാതം | മൗസിം |
| കാലിക വാതം | രാത്രി | ഉത്തര മഹാസമതലം |
| അസ്ഥിരവാതം | പശ്ചിമവാതം | ന്യൂനമർദ്ദം കടലിൽ |
| പ്രാദേശികവാതം | മൺസൂൺ കാറ്റ് | ഫ്യൂറിയസ് ഫിഫ്റ്റീസ് |
| കരക്കാറ്റ് | ലൂ | കേന്ദ്രഭാഗത്ത് ന്യൂനമർദ്ദം |

സ്കോർ : 5

13 പുത്തൻ തലമുറ ബാങ്കുകൾ എന്താണെന്ന് വ്യക്തമാക്കുക. മറ്റു ബാങ്കുകളിൽ നിന്ന് ഇവ എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു?

സ്കോർ : 3

14




a. ഭൂപടത്തിൽ a, b, c, d എന്നിങ്ങനെ അടയാളപ്പെടുത്തിയവ ഏത് ഭൂപ്രകൃതി വിഭാഗങ്ങളാണെന്ന് എഴുതുക?

b. ഈ ഭൂപ്രകൃതി വിഭാഗങ്ങളുടെ ഓരോ സവിശേഷത വീതം എഴുതുക.

സ്കോർ : 4

15 ഇന്ത്യയിൽ തനത് സംസ്കാരം രൂപപ്പെടുന്നതിന് ഉത്തരമഹാസമതലം വഹിച്ച പങ്ക് വിശകലനം ചെയ്ത് ലഘുകുറിപ്പ് തയ്യാറാക്കുക.

സ്കോർ : 4

16 ചുവടെ നൽകിയിട്ടുള്ള വിളകളെ നാണ്യവിളകൾ, ഭക്ഷ്യവിളകൾ എന്നിങ്ങനെ പട്ടികപ്പെടുത്തുക.


| പരുത്തി, ഗോതമ്പ്, നെല്ല്, കരിമ്പ് |
|---|

സ്കോർ : 2

17 ബാങ്കിതര ധനകാര്യ സ്ഥാപനങ്ങൾ ബാങ്കുകളെപ്പോലെ രാഷ്ട്രവികസനത്തിന് മുഖ്യപങ്കാണ് വഹിക്കുന്നത്. ഇത്തരം സ്ഥാപനങ്ങളുടെ രണ്ട് സേവനങ്ങൾ എഴുതുക.

സ്കോർ : 2

18 ഉത്തരപർവ്വത മേഖലയുമായി ബന്ധപ്പെട്ട് ചുവടെ നൽകിയിട്ടുള്ള ഫ്ളോചാർട്ടിൽ a, b, c, d, e, f എന്നിവ കണ്ടെത്തി എഴുതുക.




സ്കോർ : 3

19 ഇന്ത്യയിൽ കൃഷി ചെയ്യുന്ന പ്രധാനപ്പെട്ട തോട്ടവിളകളായ തേയില, കാപ്പി എന്നിവയുടെ വളർച്ചയ്ക്കാവശ്യമായ ഭൂമിശാസ്ത്ര ഘടകങ്ങളും അവ ഉല്പാദിപ്പിക്കുന്ന സംസ്ഥാനങ്ങളും എഴുതുക.

സ്കോർ : 4

20 ചുവടെ നൽകിയിട്ടുള്ള ഘടകങ്ങളെ അടിസ്ഥാനമാക്കി ഹിമാലയൻ നദികളെയും ഉപദ്വീപിയ നദികളെയും താരതമ്യം ചെയ്തെഴുതുക?

- അപരദന തീവ്രത
- ജലലഭ്യത
- വൃഷ്ടിപ്രദേശം
- ജലഗതാഗത സാധ്യത

സ്കോർ : 4

21 ഇന്ത്യയിലെ 'ഇരുമ്പുരുക്ക് ശാലകളുടെ സ്ഥാനീയ ഘടകങ്ങൾ അവയുടെ വളർച്ചയ്ക്ക് സഹായകരമാണ്.' ബൊക്കാറോയുടെ വളർച്ചയും വികസനവും ആസ്പദമാക്കി ഈ പ്രസ്താവന സമർത്ഥിക്കുക.

സ്കോർ : 5

22 നമുക്കു ചുറ്റും കാണുന്ന വിവിധതരം ധനകാര്യസ്ഥാപനങ്ങളുടെ ലിസ്റ്റ് നല്കുന്നു. അവയെ നൽകിയിട്ടുള്ള തലക്കെട്ടുകൾക്ക് കീഴിൽ പട്ടികപ്പെടുത്തുക. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, ഫെഡറൽ ബാങ്ക്, കാനറബാങ്ക്, മണപ്പുറം ഫിനാൻസ്, ജില്ലാ സഹകരണബാങ്ക്, പോപ്പുലർ ഫിനാൻസ്, സഹകരണ അർബൺ ബാങ്ക്, യുക്കോബാങ്ക്

| വാണിജ്യ ബാങ്കുകൾ | | സഹകരണ ബാങ്കുകൾ | സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ |
|---|---|---|---|
| പൊതുമേഖല | സ്വകാര്യമേഖല | | |
| | | | |

സ്കോർ : 4

23 ഇംഗ്ലണ്ടിലെ തൊഴിലാളികൾക്ക് വോട്ടവകാശം ലഭിച്ചതെങ്ങനെ?

1 സ്കോർ